# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **11.02.2016 ൽ മറുപടിയ്ക്ക്**

**നിയമസഭാ ചോദ്യം നം. 1076**

ഗവ. യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) | കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിൽ 1926 മുതൽ പ്രവർത്തിച്ചുവരുന്ന പൊവ്വൽ ഗവ. യു.പി. സ്കൂൾ (പൊവ്വൽ മൂളിയാർ - മാപ്പിള യു.പി. സ്കൂൾ) ഹൈസ്കൂളാക്കി ഉയർത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് സ്ഥലം എം.എൽ.എ. യും നാട്ടുകാരും തന്നിട്ടുള്ള നിവേദനങ്ങളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ.എ. നെല്ലിക്കുന്ന് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറർ, പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടില്ല. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യണമെന്നാവശ്യപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിക്കപ്പെട്ട ഒരു കൂട്ടം ഹർജികളിന്മേൽ 18.06.2015 ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ സംസ്ഥാനത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് സ്കൂൾ മാപ്പിംഗിന്റെ അടിസ്ഥാനത്തിൽ സർക്കാർ നയപരമായ തീരുമാനം കൈക്കൊള്ളുകയും അത്തരത്തിൽ അപ്ഗ്രഡേഷൻ ആവശ്യമുള്ള പക്ഷം വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിക്കണമെന്നും അതുവരെ സ്കൂളുകളുടെ അപ്ഗ്രഡേഷൻ സംബന്ധിച്ച വിഷയം പരിഗണിക്കരുതെന്നും ബഹു. ഹൈക്കോടതി ഉത്തരവായിരുന്നു. പ്രസ്തുത വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ മാപ്പിംഗ് പൂർത്തിയായ ശേഷം പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്ന റിപ്പോർട്ടിന്റെയും സർക്കാരിന്റെ നയപരമായ തീരുമാനം അനുസരിച്ചും മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ